പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1598 | 14.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| അട്ടപ്പാടിയിലെ ശിശുമരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. വി. വിജയദാസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾ ദാരുണമായി മരിക്കാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കുഞ്ഞുങ്ങളാണ് മരണപ്പെട്ടിട്ടുള്ളത്; | (എ) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നവജാത ശിശുമരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013 ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ 20 നവജാത ശിശുക്കൾ അട്ടപ്പാടിയിൽ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സാഹചര്യം എന്തുകൊണ്ടാണ് സംജാതമായി എന്നുള്ളത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) നവജാത ശിശുമരണത്തെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പഠനം നടന്നിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |
| (സി) ഈ മേഖലയിൽ സാമൂഹ്യക്ഷേമ വകുപ്പിന് ഗുരുതരമായ വീഴ്ച സംഭവിച്ചു എന്നുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) അട്ടപ്പാടിയിൽ ഐസിഡിഎസ് പദ്ധതിയുടെ ഭരണപരമായ പ്രവർത്തനത്തിൽ ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ശിശുവികസന പദ്ധതി ഓഫീസറെ സ്ഥലം മാറ്റുകയും പകരം ആഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഐസിഡിഎസ് സൂപ്പർ വൈസർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുകയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തിക പ്രസ്തുത ആഫീസിലേയക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. |

| | |
|---|---|
| (ഡി)ഈ മേഖലയിൽ പോഷകാഹാരക്കുറവുമൂലം ഗർഭിണികളും പ്രസവാനന്തരം അമ്മമാരും മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) അട്ടപ്പാടിയിൽ ഐസിഡിഎസ് മേഖലയിൽ പോഷകാഹാരക്കുറവുമൂലം ഗർഭിണികളും പ്രസവാനന്തരം അമ്മമാരും മരണപ്പെട്ടിട്ടില്ല. |
| (ഇ) ഭാവിയിൽ ഇത്തരത്തിലുള്ള ദുരന്തം സംഭവിക്കാതിരിക്കുവാൻ വകുപ്പ് ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ? | (ഇ) ലോകാരോഗ്യ സംഘടനയുടെ ഗ്രോത്ത് ചാർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനും പോഷണക്കുറവ് കണ്ടെത്തുന്നതിനും അധിക പോഷണം ആവശ്യമായവർക്ക് അതു നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തി പോഷകക്കുറവുള്ള ഗർഭിണികളെകണ്ടെത്തി മെഡിക്കൽകെയർ, അധിക പോഷണം എന്നിവ നൽകുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ